A1/299/2023-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - 2022 ലെ പി.കെ. കാളൻ പുരസ്കാരജേതാവായി ശ്രീ. കെ. കുമാരനെ നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.150/2024/CLAD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:- സ.ഉ.(സാധാ)നം.631/2023/സാം.കാ.വ തീയതി 07.12.2023

**<u>ഉത്തരവ്</u>**

കേരള ഫോക് ലോർ അക്കാദമിയുടെ മുൻചെയർമാനും ഗദ്ദിക കലാകാരനുമായിരുന്ന പി.കെ.കാളന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയി ട്ടുള്ളതാണ് 'പി.കെ. കാളൻ പുരസ്കാരം'. ഫോക് ലോർ പഠനം, ഫോക് ലോർ കലാരൂപങ്ങളുടെ അവതരണം, നാടൻ സംസ്കാര പരിരക്ഷണം എന്നീ മേഖലകളിൽ ഏതെങ്കിലും ഒന്നിൽ സമഗ്ര സംഭാവന നൽകിയിട്ടുള്ള വ്യക്തിക്കാണ് 'പി.കെ. കാളൻ പുരസ്കാരം' നൽകുന്നത്.

2. പരാമൃഷ്ട ഉത്തരവ് പ്രകാരം രൂപീകരിച്ച പുരസ്കാര നിർണ്ണയസമിതി, പ്രശസ്ത ചിമ്മാനക്കളി, മാരിത്തെയ്യം കലാകാരനും തുടിപ്പാട്ട് വിദഗ്ധനും യൂണിവേഴ്സിറ്റി ഗവേഷണവിദ്യാർത്ഥികളുടെ അദ്ധ്യാപകനുമായ ശ്രീ. കെ. കുമാരന് (S/o നിരിച്ചൻ കാഞ്ഞൻ പൂജാരി, ലക്ഷ്മിപുരം, മാട്ടൂൽ അതിർത്തി, പഴയങ്ങാടി, കണ്ണൂർ) 2022 -ലെ 'പി.കെ. കാളൻ പുരസ്കാരം' നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

3. പുരസ്കാര നിർണ്ണയസമിതിയുടെ ശിപാർശ അംഗീകരിച്ച്, '2022 ലെ പി.കെ. കാളൻ പുരസ്കാര' ജേതാവായി ശ്രീ. കെ. കുമാരനെ നിശ്ചയിച്ച്
ഉത്തരവാകുന്നു. 1,00,000/-രൂപയും (ഒരു ലക്ഷം രൂപ മാത്രം) ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി.ഐ.എ.എസ്

സെക്രട്ടറി

ശ്രീ കെ.കുമാരൻ, S/o നിരിച്ചൻ കാഞ്ഞൻ പൂജാരി, ലക്ഷ്മിപുരം, മാട്ടൂൽ അതിർത്തി, പഴയങ്ങാടി, കണ്ണൂർ

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ

പുരസ്കാര നിർണ്ണയസമിതി അംഗങ്ങൾക്ക് (കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി മുഖേന)

ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 16-03-2024 10:22:16
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്